ഉദ്ഘാടന പ്രഭാഷണം
28.7.2006,
ഹദീഖത്തുൽ മഹ്ദി,
ആൾട്ടൻ, ഹാമ്പ്ഷയർ

# മർദ്ദിതരുടെ നെടുവീർപ്പുകൾ വ്യഥാവിലാവില്ല!

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِن تَتَّقُوا۟ ٱللَّهَ يَجْعَل لَّكُمْ فُرْقَانًا وَيُكَفِّرْ عَنكُمْ سَيِّـَٔاتِكُمْ وَيَغْفِرْ لَكُمْ ۗ وَٱللَّهُ ذُو ٱلْفَضْلِ ٱلْعَظِيمِ ﴿٣٠﴾

**ഹ**സ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ കല്പനയാൽ ജൽസാസാലാന അഥവാ വാർഷിക ജൽസ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് വിളംബരം ചെയ്തപ്പോൾ, അതിനോടൊപ്പം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും പറഞ്ഞിരുന്നു. അത് രണ്ടുവലിയ ഉദ്ദേശ്യങ്ങളായിരുന്നു. ആ ഉദ്ദേശ്യസാഫല്യത്തിനായിട്ടാണ് അല്ലാഹു ലോകത്ത് നബിമാരെ അയക്കുന്നത്. അതായത് അല്ലാഹുവിനെ തിരിച്ചറിഞ്ഞുകൊണ്ട് അവനോടുള്ള കടമകൾ നിറവേറ്റുക. സമസൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുക. ഈ രണ്ട് കാര്യങ്ങളുടേയും അത്യുന്നത അദ്ധ്യാപനം അല്ലാഹു നമുക്ക് തന്റെ അവസാനത്തെ പ്രവാചകനായ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ) മുഖേന നല്കിയിരിക്കുന്നു. വാഗ്ദാനം ചെയ്യപ്പെട്ട മസീഹ്, അതിന്റെ വാസ്തവികത അല്ലാഹുവിൽനിന്ന് നേരിട്ട് മനസ്സിലാക്കി ഇക്കാലഘട്ടത്തിൽ നമുക്കായി തുറക്കുകയും വ്യക്തമാക്കിത്തരികയും ചെയ്തിരിക്കുന്നു. അങ്ങനെ ചെയ്തിട്ടുള്ളത് അല്ലാഹു അയച്ച ദീനിനെ മനസ്സിലാക്കി അതനുസരിച്ച് പരിപൂർണ്ണമായും പ്രവർത്തിച്ചുകൊണ്ട് അതിനെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കാനാണ്. അതിനാൽ, ഈ ജൽസാ ദിനങ്ങളിൽ, ഇതിൽ പങ്കെടുക്കുന്ന ഓരോ അഹ്മദിയും, എന്നല്ല മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ മുഖേന ഇതിൽ പങ്കെടുക്കുന്ന ലോകത്തുള്ള സകല അഹ്മദികളും ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽ ഉണ്ടാക്കിയെടുക്കാനാഗ്രഹിക്കുന്ന ഇക്കാര്യങ്ങൾ മുമ്പിൽ വയ്ക്കേണ്ടതാണ്.

ഒന്നാമതായി പറഞ്ഞത് മനസ്സ് ആഖിറത്തിലേക്ക് തികച്ചും കുനിയണമെന്നാകുന്നു. ഇതുതന്നെയാണ്, അല്ലാഹുവിലുള്ള വിശ്വാസം വർദ്ധിക്കാനും അവൻ നമ്മോടു പറഞ്ഞ കടമകളും നിർബന്ധകാര്യങ്ങളും നിറവേറ്റാനും നമ്മെ പ്രേരിപ്പിക്കുന്ന കുറിപ്പടി. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ശയ്ത്വാന്റെ ദുർബോധനങ്ങൾ നിരവധിയാണ്. ശയ്ത്വാൻ മനുഷ്യമനസ്സിൽ ഭയാനകമായ ദുർബോധനം ചെയ്തും സംശയങ്ങളിട്ടും മനുഷ്യന്റെ ദുൻയാവും ആഖിറത്തും നഷ്ടപ്പെടുത്തിക്കളയുന്നത്, പരലോകത്തെക്കുറിച്ചുള്ള കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ്. കാരണം എല്ലാ നന്മയുടേയും സാത്വികതയുടേയും വലിയതും ഭാരിച്ചതുമായ മാർഗ്ഗം, മറ്റുള്ള കാര്യകാരണങ്ങൾക്കും മാർഗ്ഗങ്ങൾക്കും പുറമെ ആഖിറത്തിലുള്ള വിശ്വാസവും കൂടിയാണ്. മനുഷ്യൻ ആഖിറത്ത് അഥവാ പരലോകത്തേയും അതിലെ കാര്യങ്ങളേയും കഥകളും വർണ്ണനകളുമായി മനസ്സിലാക്കുമ്പോൾ, അതവന് തടയപ്പെട്ടിരിക്കുന്നുവെന്ന് അറിഞ്ഞുകൊള്ളുക. രണ്ടുലോകവും അവൻ കളഞ്ഞുകുളിച്ചിരിക്കുകയാണ്.

പരലോകത്തിലുള്ള ഭയം മനുഷ്യനെ ഭയമുള്ളവനും ഭീതിതനുമാക്കി ഈശ്വരജ്ഞാനത്തിന്റെ യഥാർത്ഥമായ ഉത്ഭവസ്ഥാനത്തേക്ക് പതുക്കെപ്പതുക്കെ കൊണ്ടുവരുന്നു. പരമാർത്ഥമായ ഈശ്വരജ്ഞാനം യഥാർത്ഥ ദൈവഭയവും ഭീതിയും കൂടാതെ ലഭിക്കുകയില്ല. അതുകൊണ്ട്, ഓർമ്മിച്ചുകൊള്ളുക, പരലോകത്തെ സംബന്ധിച്ച് ദുർബോധനങ്ങൾ ഉണ്ടാക്കുകയെന്നത്, ഈമാൻ അഥവാ വിശ്വാസത്തെ അപകടത്തിൽ അകപ്പെടുത്തുന്ന ഒന്നാണ്. അത് ശുഭപര്യവസാനത്തിൽ വിള്ളലുകൾ ഉണ്ടാക്കുന്നതാണ്.” നമ്മുടെ മനസ്സ് പരലോകത്തിൽ ദൃഢമായി വിശ്വസിച്ചുകൊണ്ട്, ഏകനായ ദൈവത്തിലേക്ക് കുനിയാത്തിടത്തോളംകാലം ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ദുർബോധനങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കും. ഈ ദുർബോധനങ്ങൾകൊണ്ട് ദൃഢവിശ്വാസത്തിന് മങ്ങലേല്ക്കുമ്പോൾ ദൈവഭയത്തോടെ നടത്തുന്ന കർമ്മങ്ങളിലും തടസ്സം നേരിടുന്നതാണ്. ഇതിൽ അല്ലാഹുവിനോടുള്ള കടമയുണ്ട്. സമസൃഷ്ടികളോടുള്ള കടമയുമുണ്ട്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ പരലോകത്തിലുള്ള വിശ്വാസത്തിൽ പോരായ്മയുണ്ടെങ്കിൽ, അല്ലാഹുവിന്റെ കല്പനകൾ മനസ്സിലക്കുന്നതിന് അത്യാവശ്യമായ യഥാർത്ഥ ഈശ്വരജ്ഞാനം ഉണ്ടാകുകയില്ല. ഇക്കാലഘട്ടത്തിൽ ഈ പ്രധാനപ്പെട്ട കാര്യം നമ്മളിൽ പ്രകാശിതവും സുവ്യക്തമാക്കുകയും ചെയ്ത, ആ വിശ്വാസം ലഭിച്ച

നമ്മൾ ഭാഗ്യവാന്മാരാണ്. ആഖിറത്ത് എന്ന വാക്കിൽ നിന്നും പ്രകടമാകുന്നതും വിശുദ്ധഖുർആന്റെ ചില പ്രവചനങ്ങളിൽനിന്നും മനസ്സിലാകുന്നതുമായ കാര്യം ആഖിറത്തിൽ, മരിച്ചതിനുശേഷം അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാകുന്ന നേരത്ത് അല്ലെങ്കിൽ ഖിയാമത്തുന്നാൾ എല്ലാ കണക്കെടുപ്പുകളും നടക്കുന്നതാണെന്നാകുന്നു. സൽകർമ്മങ്ങൾക്ക് നല്ല പ്രതിഫലവും അല്ലാഹുവിന്റെ തൃപ്തിയും കിട്ടും. ദുഷ്കർമ്മങ്ങൾക്ക് അല്ലാഹു നമ്മോടു പറഞ്ഞതുപോലെ ശിക്ഷയും ലഭിക്കും. ഒരു തരത്തിലുള്ള അനീതിയും ഉണ്ടാകുകയില്ല. എല്ലാ കർമ്മങ്ങളും തുറന്നനിലയിൽ മുന്നിൽ കാണാൻ കഴിയും. അല്ലാഹു പറയുന്നു: ***വ വജദൂ മാ അമിലൂ ഹാളിറാ*** അവർ പ്രവർത്തിച്ചത് സർവ്വവും മുമ്പിൽ ഹാജരാക്കപ്പെട്ടതായി അവർ കണ്ടെത്തും. (*18:50*)

തന്റെ കർമ്മങ്ങളൊന്നും കണക്കെടുക്കാതെ വിട്ടുകളയുകയില്ലെന്നും താൻ ചെയ്യുന്ന എല്ലാ കർമ്മങ്ങളും ഒരുനാൾ ഹാജരാക്കപ്പെടുമെന്നുമുള്ള ബോധം മനുഷ്യനിലുണ്ടാകുമ്പോൾ, അതാണ് പരലോകത്തെക്കുറിച്ചുള്ള ബോധം അവനിലുണ്ടാക്കിത്തീർക്കുന്നത്. പിന്നീട് മനുഷ്യൻ രണ്ടുതരത്തിലുള്ള കടമകളും നിറവേറ്റാനും തഖ്‌വയുടെ മാർഗ്ഗത്തിൽ നടക്കാനും പരിശ്രമിക്കുന്നു. ഈ തഖ്‌വയുടെ മാർഗ്ഗങ്ങൾ തന്നെയാണ് അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകളുടെ വഴികൾ നിർണ്ണയിക്കുന്നത്. ആ വഴികളിലൂടെ ചലിച്ചുകൊണ്ട് ആഖിറത്ത് അഥവാ പരലോകത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ അല്ലാഹു നമുക്ക് സുവാർത്ത നല്കുന്നു:

***വ മഗ്ഫിറത്തുൻമ്മിനല്ലാഹി വരിള്‌വാൻ***. അതായത് ആഖിറത്തിനെക്കുറിച്ച് ചിന്തിക്കുന്നവർക്കും അവൻ പറഞ്ഞവഴിയിലൂടെ നടക്കുന്നവർക്കും ഇക്കാരണത്താൽ അല്ലാഹുവിൽനിന്നുള്ള പാപമോചനവും അവന്റെ സംതൃപ്തിയും ലഭിക്കുന്നതാണ്. (*57:21*)

നമ്മളിലോരോരുത്തരും പരലോകത്തെക്കുറിച്ച് ചിന്തിക്കുകയും ഹസ്റത്ത് മസീഹ് മൗഊദ്(അ) ഏതൊന്നിലേക്ക് നമ്മെ വിളിച്ചുവോ, അത് നടപ്പിൽവരുത്തുകയും ജൽസയുടെ ഉദ്ദേശ്യം പൂർത്തിയാക്കുകയും ചെയ്യുക. ഈ ലോകത്തും പരലോകത്തും അല്ലാഹുവിന്റെ പാപപ്പൊറുതിയുടേയും തൃപ്തിയുടേയും പുതപ്പ് പുതച്ചിരിക്കാൻ നമുക്ക് കഴിയണം. ആഖിറത്തിലേക്ക് ശ്രദ്ധതിരിക്കണമെന്ന് അവിടന്ന് വീണ്ടും വിശദീകരിച്ചു പറഞ്ഞു: ഈ ആഖിറത്ത് പരിപൂർണ്ണമായനിലയിൽ നിങ്ങളുടെ മുമ്പിലുണ്ടെന്ന് മനസ്സിലാക്കപ്പെടുന്നത്, നിങ്ങളുടെ ഉള്ളിൽ തഖ്‌വ ഉണ്ടാകുമ്പോഴും അല്ലാഹുവിനോടുള്ള ഭയമുണ്ടാകുമ്പോഴും സ്വാത്മപരിത്യാഗവും ദോഷങ്ങളിൽനിന്നുള്ള അകൽച്ചയും ഉണ്ടാകുമ്പോഴുമാണ്. അല്ലാഹുവിനോടുള്ള ഭയം ഉൾക്കൊണ്ടും അവൻ രക്ഷപ്പെടാൻ പറഞ്ഞ എല്ലാ കാര്യങ്ങളിൽനിന്ന് രക്ഷപ്പെട്ടും, അവന്റെ തൃപ്തിയുടെ മാർഗ്ഗത്തിലൂടെ നിങ്ങൾ സഞ്ചരിക്കുക. ഇതുതന്നെയാണ് അല്ലാഹുവിൽനിന്നുള്ള പാപമോചനവും അവന്റെ തൃപ്തി കിട്ടാൻ കാരണമായിത്തീരുന്നതും. നമ്മുടെയുള്ളിൽ ദൈവഭീതിയുണ്ടെങ്കിൽ, ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ നമുക്ക് സ്വാത്മപരിത്യാഗത്തിന്റെ അവസ്ഥ ഉണ്ടാക്കേണ്ടതായിവരും. എന്താണ് സുഹ്ദ് അഥവാ സ്വാത്മപരിത്യാഗം? പരലോകത്തോടുള്ള സ്നേഹം കാരണത്താൽ ഭൗതികതയിൽനിന്ന് മുഖം തിരിച്ചുകൊണ്ട് അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധിക്കുകയെന്നതാണ് സുഹ്ദ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽ സൃഷ്ടിക്കാനുദ്ദേശിക്കുന്ന ആരാധനയുടെ നിലയാണിത്. ഇതുമുഖേന അല്ലാഹുവിനോടുള്ള കടമ നിറവേറ്റപ്പെടുന്നു. നമ്മുടെ ആരാധനാകർമ്മങ്ങൾ സ്വന്തം ആവശ്യത്തിന്റേയും ബുദ്ധിമുട്ടിന്റേയും നേരത്ത് നമ്മുടെ ആഗ്രഹാഭിലാഷങ്ങൾമാത്രം ലഭ്യമാകുന്നതിനുവേണ്ടിയാണെങ്കിൽ അത് ഒരു സാഹിദിന്റെ, സ്വാത്മപരിത്യാഗിയുടെ ആരാധന എന്നു പറയപ്പെടുകയില്ല. ഈ ആരാധന നമ്മുടെ മനസ്സ് ആഖിറത്തിലേക്ക് പരിപൂർണ്ണമായും കുനിഞ്ഞിരിക്കുന്നതുകൊണ്ടോ അല്ലാഹുവിന്റെ സ്നേഹം അവനെ ആരാധിക്കാൻ നമ്മെ നിർബന്ധിക്കുന്നതുകൊണ്ടോ ***വമാ ഖലഖ്ത്തുൽ ജിന്ന വൽഇൻസ ഇല്ലാ ലിയഅ്ബുദൂൻ*** എന്ന അവന്റെ കല്പന ഉള്ളതുകൊണ്ടോ അല്ല. അതായത് ജിന്നിനേയും ഇൻസിനേയും നാം സൃഷ്ടിച്ചത് നമ്മെ ആരാധിക്കുന്നതിനുവേണ്ടിയാണെന്ന അല്ലാഹുവിന്റെ കല്പന കൊണ്ടല്ല നാം അവനെ ആരാധിക്കുന്നത്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യജീവിതത്തിന്റെ യഥാർത്ഥലക്ഷ്യം അല്ലാഹുവിനെ ആരാധിക്കുകയും അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനം കരസ്ഥമാക്കുകയും അല്ലാഹുവിന്റേതായിത്തീരുകയും ചെയ്യുക എന്നതാണ്. അതുകൊണ്ട് ജൽസയുടെ ഈ മൂന്നുദിനങ്ങളിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശമനുസരിച്ച്, ആ സുഹ്ദിന്റെ, സ്വാത്മപരിത്യാഗത്തിന്റെ മാതൃകയാകാൻ ഓരോരുത്തരും ശ്രമിക്കേണ്ടതാണ്. നമ്മുടെ

നമസ്കാരവും നമ്മുടെ ആരാധനാകർമ്മങ്ങളും അല്ലാഹുവിനുണ്ടിമാത്രമാകാൻ അത് അനിവാര്യമാണ്. അല്ലാതെ ആവശ്യം വരുമ്പോൾമാത്രം നമ്മുടെ ആഗ്രഹലബ്ധിക്കായി അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവരാകരുത്.

നമ്മുടെ നമസ്കാരത്തിന്റേയും ആരാധനാകർമ്മങ്ങളുടേയും അവസ്ഥ ഇങ്ങനെയായിത്തീരുമ്പോഴാണ് നമ്മൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശമനുസരിച്ചും അവിടത്തെ ആഗ്രഹമനുസരിച്ചും ദോഷങ്ങളിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്നതിന് മാതൃകയായിത്തീരുന്നത്. അങ്ങനെ തഖ്‌വയുടെ മാർഗ്ഗങ്ങളിലൂടെ നടക്കുന്നവരായിത്തീരുന്നതുമാണ്. പിന്നീട് അവിടന്ന് നമ്മെ ഉപദേശിച്ചുകൊണ്ടുപറയുന്നു: ആഖിറത്തിനെക്കുറിച്ച് നമുക്ക് ചിന്തയുണ്ടാകുമ്പോൾ, തീർച്ചയായും അല്ലാഹുവിന്റെ ദീനിനുവേണ്ടി ത്യാഗം വരിക്കാനുള്ള ചിന്തയും ഉണ്ടാകും. അവിടന്ന് നമ്മെ ഈ ജൽസയിലേക്ക് വിളിച്ചുചേർത്തതിന്റെ ഉദ്ദേശ്യം, ദീനിന്റെ അഭിവൃദ്ധിക്ക് അനിവാര്യമായിട്ടുള്ള ഈ പരിപാടികളിൽ പങ്കെടുക്കുകയും അതിൽ ചുറുചുറുക്ക് കാണിക്കുകയും ചെയ്യുക എന്നതാണ്. ഇന്ന് ആ ദീനീപരിപാടികൾ എന്താണ്? നബി(സ) തിരുമേനി 'ജിഹാദെ അക്ബർ'– ഏറ്റവും വലിയ ജിഹാദ് എന്ന് നാമകരണം ചെയ്തിട്ടുള്ള ആ ദീനീപരിപാടികളാണത്. ഈ ജിഹാദ്, തോക്കുകൊണ്ടോ പീരങ്കികൊണ്ടോ ബോംബ് കൊണ്ടോ ചെയ്യുന്ന ജിഹാദല്ല. അത് സ്വന്തം കാര്യലാഭത്തിന്നായി സാധാരണക്കാരെ രക്തത്തിൽ മുക്കി നിരപരാധികളായ കുട്ടികളുടേയും സ്ത്രീകളുടേയും ജീവൻ നഷ്ടപ്പെടുത്തുന്ന ജിഹാദുമല്ല. നമ്മൾ മുഹമ്മദീ മസീഹിനെ വിശ്വസിക്കുന്നവരാണ്. ഇക്കൂട്ടർ കാട്ടിക്കൂട്ടുന്നതിൽനിന്നും നാം പരിശുദ്ധരാണ്. നാം നമ്മുടെ പ്രിയപ്പെട്ട നബി(സ)യുടെ നിർദ്ദേശമനുസരിച്ച്, ഏതൊരു ജിഹാദിലേക്കാണോ വിളിക്കുന്നത്, മുഹമ്മദീ മസീഹ് ഏതൊരു ദീനീപരമായ നടപടികളിൽ ഉത്സാഹം കാണിക്കാനാണോ നമ്മോടു പറയുന്നത്, അത് ഖുർആന്റെ അദ്ധ്യാപനത്തെ സ്വന്തം ജീവിതത്തിൽ നടപ്പിൽവരുത്തുകയും, ലോകത്തോട് പറയുകയും ചെയ്യുക എന്നതാണ്. നാം നമ്മെ തബ്‌ലീഗ് രംഗത്തേക്ക് ഉന്തിയിടേണ്ടതാണ്. അതിനും അല്ലാഹുവിന്റെ സഹായം ലഭിക്കാൻ നമ്മുടെ ആത്മീയതയ്ക്ക് മൂർച്ച കൂട്ടേണ്ടതാണ്. ഈ ജിഹാദ് വീണ്ടും ചെയ്യുന്നതിനും, ഖുർആന്റെ അദ്ധ്യാപനം ലോകത്ത് പരത്തുന്നതിനും അതിനെ പ്രചരിപ്പിക്കുന്നതിനും വേണ്ടി, ധനത്യാഗരംഗത്ത് ഒരാൾ മറ്റൊരാളെ കവച്ചുവയ്ക്കേണ്ടതാണ്. ഈ ത്യാഗങ്ങൾ ചെയ്തുകൊണ്ട് മുന്നോട്ടു കുതിക്കാനുള്ള രീതികൾ പഠിക്കേണ്ടതുമാണ്.

ഈ പാഠം പൗരസ്ത്യർക്കും പാശ്ചാത്യർക്കും നാം പറഞ്ഞുകൊടുക്കേണ്ടതാണ്. ഖുർആനികാദ്ധ്യാപനത്തിന്റെ ഉന്നത അവസ്ഥകളുടെ പരമാർത്ഥ ജ്ഞാനം മുസ്‌ലിംകൾക്കും അറിയിച്ചുകൊടുക്കേണ്ടതാണ്. മനോഹരമായ ഇസ്‌ലാമികാദ്ധ്യാപനത്തിന്റെ സൗന്ദര്യം അന്യമതക്കാർക്കും പരിചയപ്പെടുത്തികൊടുക്കേണ്ടതാണ്. നിങ്ങൾ ലോകത്തോട് പറയണം: ഇന്ന് നിങ്ങളെല്ലാവരും സംഘടിച്ചുകൊണ്ട് ദരിദ്രരാഷ്ട്രങ്ങളുടേയും ഇസ്‌ലാമികരാഷ്ട്രങ്ങളുടേയും അവകാശങ്ങൾ തട്ടിപ്പറിച്ചെടുക്കുന്നു. അവരെ നശിപ്പിക്കാൻ അവരുടെ പിന്നാലെ കൂടിയിരിക്കുന്നു.

ഇസ്റായീൽ ഇപ്പോഴെന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് നോക്കുക. സാധാരണക്കാരേയും കുട്ടികളേയും സ്ത്രീകളേയും വൃദ്ധരേയും നിർദ്ദാക്ഷിണ്യം കൊന്നൊടുക്കുന്നു. ചില പാശ്ചാത്യഭരണകൂടങ്ങൾ അവരെ സഹായിച്ചുകൊണ്ടിരിക്കുന്നു. അവർക്ക് പിന്തുണ നല്കിക്കൊണ്ടിരിക്കുന്നു. എന്നിട്ട് സ്വന്തം അവകാശം പിടിച്ചെടുക്കാനും പ്രതിരോധിക്കാനുമാണ് യുദ്ധം ചെയ്യുന്നതെന്ന് വിളംബരപ്പെടുത്തുന്നു. ഇത് സ്വന്തം അവകാശം പിടിച്ചെടുക്കലല്ല. മറിച്ച് അന്യന്റെ അവകാശത്തെ തട്ടിപ്പറിച്ചെടുക്കലാണ്. അക്രമംകൊണ്ട് അന്തരീക്ഷത്തെ അന്ധകാരമയമാക്കിത്തീർക്കലാണ്. വെളിച്ചത്തെ ഇരുട്ടാക്കി മാറ്റലാണ്. സയ്ദ് ചെയ്ത കുറ്റം ബക്കറിന്റെ തലയിൽ കെട്ടിവെച്ച് അവന്റെ നിരപരാധികളായ ഭാര്യമാരേയും മക്കളേയും ഏങ്ങിയേങ്ങിയുള്ള കരച്ചിലിലും നെടുവീർപ്പിലും അകപ്പെടുത്തലാണ്. ഈ ഏങ്ങിയേങ്ങിയുള്ള കരച്ചിലുകളും നെടുവീർപ്പുകളും വ്യർത്ഥമായിപ്പോയ്ക്കൊള്ളുമെന്ന തോന്നൽ കൊണ്ടാണ് നിങ്ങൾക്ക് പരലോകത്തെക്കുറിച്ച് ചിന്തയില്ലാത്തതെന്ന് അവരോട് പറയണം. എന്നാൽ, അങ്ങനെയല്ല. മർദ്ദിതരുടെ നെടുവീർപ്പുകൾ ഒരിക്കലും നിഷ്ഫലമായിപ്പോകുകയില്ലെന്നുള്ളത് ഞങ്ങളുടെ ദൃഢവിശ്വാസമാണ്. അതുകൊണ്ട് ഈ അതിക്രമങ്ങളിൽനിന്ന് നിങ്ങൾ പിന്തിരിയുക. നിങ്ങളുടെ പിടിവാശിയും അഹങ്കാരവും ഉപേക്ഷിക്കുക. ഈ അക്രമം ഒരിടത്ത് ഒതുങ്ങിനില്ക്കുകയില്ലെന്നും അത് മുഴുലോകത്തേയും തന്റെ പിടിയിലൊതുക്കുമെന്നും ഈ അക്രമങ്ങൾക്കെതിരെ കടുത്തശബ്ദം ഉയർത്തണമെന്നും ഓരോ അഹ്മദിയും തങ്ങളുടെ പരിസരവാസികളായ ഓരോരുത്തരോടും പറയേണ്ടതാണ്. നിങ്ങൾ ഉണർന്നുപ്രവർത്തിക്കുക. സത്യത്തോടൊപ്പം നില്ക്കുക. ന്യായമായത് പിടിച്ചെടുക്കു

ന്നതിനെക്കുറിച്ചും ന്യായപക്ഷത്തൂടെ നടക്കുന്നതിനെക്കുറിച്ചുമുള്ള പാഠങ്ങൾ ഞങ്ങൾ നിങ്ങൾക്കു പറഞ്ഞുതരാം.

ഇവിടെയിരിക്കുന്ന ആദരണീയരായ വ്യക്തികളോട് ഞാൻ പറയട്ടെ, ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കണമെങ്കിൽ സത്യത്തെ തിരിച്ചറിയുകയും സത്യത്തിലേക്ക് നയിക്കാൻ നിങ്ങൾക്കുള്ള സ്വാധീനവും കഴിവുമുപയോഗിച്ച് ഭരണകൂടങ്ങളെ ഈ ഭാഗത്തേക്ക് തിരിച്ചുവിടുകയും ചെയ്യുക. ന്യായമായതെടുക്കുന്നതിനേയും ന്യായപക്ഷത്തൂടെ നടക്കുന്നതിനെയും കുറിച്ചുള്ള പാഠം അല്ലാഹു വിശുദ്ധഖുർആനിൽ നല്കിയിട്ടുണ്ട്. അത് ഞങ്ങളിൽനിന്ന് പഠിക്കുക. ലോകം നീതിയുടേയും ശാന്തിയുടേയും അന്തരീക്ഷമാഗ്രഹിക്കുന്നെങ്കിൽ ഞങ്ങൾ പറയുന്ന കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കുക. ലോകത്ത് സമാധാനം സ്ഥാപിക്കാനായി ന്യായമായതെടുക്കാനും ന്യായമായത് കൊടുക്കാനും നമുക്ക് പറയേണ്ടതായിവരും. മുസ്‌ലിംകളോട് പറയുക: അല്ലയോ മുസ്‌ലിംകളേ! നിങ്ങളും ഈ മുഹമ്മദീ മസീഹിന്റെ കാല്പാദങ്ങളിലേക്ക് വരിക. പാശ്ചാത്യനാടുകളിൽ വസിക്കുന്നവരേ, വിവിധ മതങ്ങളുടെ അനുയായികളേ, നിങ്ങളും നബി(സ)തിരുമേനിയുടെ ഈ സത്യവാനായ പ്രേമിയുടെ സന്ദേശത്തെ സശ്രദ്ധം കേൾക്കുക. ആ മഹാത്മാവ് പറയുന്നത് അനുസരിക്കുക."

ഇതാണ് അഹ്‌മദികളുടെ ജോലി. ഈ ദീനീപരമായ പരിപാടികൾ പഠിക്കുന്നതിനായി, ഓരോ അഹ്‌മദിയും തങ്ങളുടെ മതപരമായ അറിവിലും വർദ്ധനവുണ്ടാക്കേണ്ടതാണ്. ധനവും സമയവും ത്യാഗം ചെയ്യുന്നതിലേക്കും ശ്രദ്ധിക്കേണ്ടതാണ്. നിങ്ങളുടെ ആത്മീയതയുടെ നിലവാരവും മെച്ചപ്പെടുത്തേണ്ടതാണ്. പരലോകത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ട് അല്ലാഹുവിനെ ശരിയായരീതിയിൽ ആരാധിക്കുന്നവരും ആയിത്തീരേണ്ടതാണ്.

വീണ്ടും അവിടന്ന് പറയുന്നു. "ദൈവഭീതിയും നിങ്ങളുടെ ഉള്ളിലുണ്ടാക്കിത്തീർക്കുക. ലാളിത്യത്തിന്റെ മാതൃകയായിത്തീരുക. എന്തുകൊണ്ടെന്നാൽ, അല്ലാഹുവിനുവേണ്ടി, അവന്റെ സൃഷ്ടികളോടു ലാളിത്യത്തോടെ പെരുമാറുമ്പോൾ, അതുമുഖേന നിങ്ങളുടെ തഖ്‌വയിൽ വർദ്ധനവുണ്ടാകും. ലാളിത്യം ഉണ്ടാകുമ്പോഴാണ് പരസ്പരമുള്ള വികാരങ്ങൾ മനസ്സിലാക്കാൻ അവസരം കിട്ടുന്നത്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഈ ഭാഗത്തേക്ക് പ്രത്യേകമായ നിലയിൽ നമ്മുടെ ശ്രദ്ധ ക്ഷണിച്ചു. ഈ ജൽസയിൽ വന്നതിന്റെ ഉദ്ദേശ്യം പൂർത്തിയാകുന്നത്, നിങ്ങളുടെയുള്ളിൽ ലാളിത്യം ഉണ്ടാകുമ്പോഴാണ്. മറ്റുള്ളവർക്കുവേണ്ടി ലാളിത്യം കൈക്കൊള്ളുമ്പോൾ അവരോടുള്ള കടമ നിറവേറ്റാനും ശ്രദ്ധയുണ്ടാകും. അല്ലാഹുവിൽനിന്ന് തങ്ങൾക്കായി മനുഷ്യർ ലാളിത്യം ഇഷ്ടപ്പെടുമ്പോൾ, ലാളിത്യത്തോടെയുള്ള അല്ലാഹുവിന്റെ പെരുമാറ്റം കരസ്ഥമാക്കുന്നതിനും, പാപമോചനം നേടുന്നതിനും ശ്രദ്ധിക്കുമ്പോൾ തങ്ങളുടെ സഹോദരങ്ങളോടും ലാളിത്യത്തോടെ അവർ പെരുമാറേണ്ടതാണ്. ഇല്ലെങ്കിൽ അല്ലാഹുവിനോട് ഏതുവായകൊണ്ടാണ് ലാളിത്യം ചോദിക്കുക? എന്റെ മനസ്സ് കഠിനമാണ്, എന്റെ മനസ്സിനെ മറ്റുള്ളവർക്കുവേണ്ടി മൃദുലമാക്കാൻ എനിക്ക് കഴിയില്ല. എന്നാൽ, നിന്നോട് ഞാൻ ചോദിക്കുകയും നിന്നിൽനിന്ന് ഞാൻ പ്രതീക്ഷിക്കുകയും ചെയ്യുന്നത് നീ എന്നോട് ഒരിക്കലും കാഠിന്യത്തോടെ പെരുമാറരുതെന്നാണ്! ഇതെങ്ങനെയാണ് നടക്കുക? ഇതെന്തായാലും നടക്കുന്ന കാര്യമല്ല. സ്വയം ഒരു കാര്യം പ്രതീക്ഷിച്ചിരിക്കുക, മറ്റുള്ളവരോട് അതിന് വിരുദ്ധം പ്രവർത്തിക്കുക. അത്തരം കർമ്മങ്ങൾ അല്ലാഹുവിന് ഇഷ്ടമല്ല. നമുക്കുള്ള കല്പന, നമ്മളിഷ്ടപ്പെടാത്തത് നമ്മുടെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടരുതെന്നാണ്. നിങ്ങൾ എന്താണോ നിങ്ങൾക്കുവേണ്ടി ഇഷ്ടപ്പെടുന്നത്, അത് നിങ്ങളുടെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടുക. ലാളിത്യത്തോടുകൂടി പരസ്പരം പെരുമാറുന്നതിനെ സംബന്ധിച്ച് നബി(സ) പറയുന്നു. അല്ലാഹു ലാളിത്യത്തോടെ പെരുമാറുന്നവനാണ്. ലാളിത്യം ഇഷ്ടപ്പെടുന്നവനാണ്. ലാളിത്യത്തിന് എത്രത്തോളം പ്രതിഫലം നല്കുന്നുവോ അത്രത്തോളം മറ്റൊരു നന്മയ്ക്കും നല്കുകയില്ല.

ഈ നാളുകളിൽ, കഠിനപ്രകൃതിക്കാരായ ആളുകളും, തങ്ങളുടെ കടുത്തസ്വഭാവം കാരണത്താൽ മറ്റുള്ളവരുമായിട്ടുള്ള ബന്ധം വിച്ഛേദിച്ചിട്ടുള്ളവരും ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. അവർ ഈ ജൽസയിൽ പങ്കെടുത്ത് ഇതിന്റെ അനുഗ്രഹത്തിൽ ഭാഗഭാക്കാകുന്നത്, തങ്ങളുടെ സ്വഭാവത്തിൽ ലാളിത്യം ഉണ്ടാക്കിക്കൊണ്ട്, പരസ്പരം സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ബന്ധം സ്ഥാപിക്കുമ്പോഴാണ്. അതിഥികളും ആതിഥേയരും രണ്ടുകൂട്ടരും ജൽസയുടെ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നതിനായി ചീത്തയെന്നു തോന്നുന്ന കാര്യങ്ങളെ അവഗണിച്ചുകളയുക. ഞാനിത് ഖുത്ബയിലും പറഞ്ഞുകഴിഞ്ഞതാണ്. സൽസ്വഭാവത്തോടെ പെരുമാറുക. മറ്റുള്ളവരുടെ മനസ്സിനെ വ്രണപ്പെടുത്തുന്ന ഒരു കാര്യവും ഒരിക്കലും ചെയ്യാതിരിക്കു

ക. ഈ ചുറ്റുപാടിൽ ഇതൊരു തർബിയ്യത്തും പരിശീലനവുമാണ്. ഇതിനെ നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുക. പരസ്പരം ലാളിത്യം ഉണ്ടായിക്കഴിഞ്ഞാൽ നമ്മുടെ സമൂഹത്തിൽ സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും അന്തരീക്ഷം കൂടുതൽ വേഗത്തിൽ ചിറകുവിരിക്കാൻ തുടങ്ങും. നമ്മൾ ഉയർത്തുന്ന മുദ്രാവാക്യത്തിന്റെ, പ്രാവർത്തികമായ മാതൃകയായിരിക്കുമത്. നമ്മുടെ കുട്ടികളും നമ്മുടെ വൃദ്ധരും നമ്മുടെ യുവാക്കളും നമ്മുടെ പുരുഷന്മാരും നമ്മുടെ സ്ത്രീകളും അതിന് ഒരു മാതൃകയായിത്തീരണം. ഈ ജൽസയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത് "പരസ്പരമുള്ള സ്നേഹത്തിലും സാഹോദര്യത്തിലും ഒരാൾ മറ്റൊരാൾക്ക് മാതൃകയായിത്തീരണം എന്നാണ്. അതായത്, ഈ ഉത്തരവാദിത്തം ഏതെങ്കിലും ഒരു പ്രത്യേക ജനവിഭാഗത്തിനായിട്ടുള്ളതല്ല. മറിച്ച്, എല്ലാ പുരുഷന്മാരും സ്ത്രീകളും യുവാക്കളും വൃദ്ധരും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. അവർ പരസ്പരം സാഹോദര്യത്തിലും സ്നേഹത്തിലും മുൻകടക്കണം. സ്നേഹത്തിന്റെ മാതൃക, സ്വഹാബത്ത് നമ്മുടെ മുമ്പിൽ സ്ഥാപിച്ചിട്ടുണ്ട്. സാഹോദര്യത്തിന്റെ മാതൃക മുഹാജിറുകളും അൻസാറുകളും കാഴ്ചവെച്ചതാണ്. ആ ഇസ്‌ലാമിക സാഹോദര്യത്തിന്റെ സ്നേഹം, എത്രമാത്രം ഉയർന്നുവെന്നുവെച്ചാൽ, തങ്ങളുടെ സ്വത്തുക്കളിൽപോലും അവർ അവരെ അവകാശിയാക്കി. ഈ മാതൃക നിലനാട്ടപ്പെട്ടത് നബി(സ)യുടെ പരിശുദ്ധമായ ശക്തിപ്രഭാവം കൊണ്ടായിരുന്നു. ഇന്ന് നമ്മളെക്കൊണ്ട് ഈ മാതൃക നിലനാട്ടാൻ, നബി(സ) തിരുമേനിയുടെ ആത്മീയ സുതൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തെ 1400 വർഷമായി നമ്മൾ കാത്തിരിക്കുകയായിരുന്നു. അദ്ദേഹം വന്ന് അവസാനകാലത്തുള്ളവരെ ആദ്യകാലത്തുള്ളവരുമായി ബന്ധിപ്പിക്കണമായിരുന്നു. അവർക്ക് വിശുദ്ധഖുർആന്റെ ജ്ഞാനം പ്രദാനം ചെയ്യുകയും അവരെ പരിശുദ്ധരാക്കുകയും ജ്ഞാനപരവും ആത്മീയവും ധാർമ്മികവുമായ ഉന്നത സ്വഭാവങ്ങൾ പറഞ്ഞുകൊടുക്കുകയും ചെയ്യണമായിരുന്നു. അവരെക്കുറിച്ചുള്ള അറിവ് പറഞ്ഞുകൊടുത്തുകൊണ്ട് അവരുടെ മാതൃക നിലനാട്ടണമായിരുന്നു.

ഒരു അഹ്മദിയ്ക്ക് നബി(സ) തിരുമേനിയോടും അവിടത്തെ ആത്മീയസുതനോടുമുള്ള സ്നേഹത്തിന്റെ തേട്ടമാണ്, അവർ അദ്ദേഹത്തിന്റെ ബയ്അത്തിൽ യഥാർത്ഥത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഇത്തരം ഉന്നതമായ മാതൃക കാണിക്കുക എന്നത്. ഈ ദിനങ്ങളിൽ അഥവാ പരസ്പരം എന്തെങ്കിലും പിണക്കമുണ്ടെങ്കിൽത്തന്നെ പറഞ്ഞവസാനിപ്പിക്കുക. സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും സന്ദേശം ലോകർക്ക് എത്തിച്ചുകൊടുക്കുക. അല്ലാഹുവിനോട് സഹായം തേടിക്കൊണ്ട് എന്നെന്നേക്കുമായി രഞ്ജിപ്പിനുള്ള അടിത്തറയിടുക. ഈ ദിനങ്ങളിൽ രഞ്ജിപ്പിന്നായി പരിശ്രമിക്കുകയും ചെയ്യുക. പ്രത്യേകിച്ച് ദുആയിൽ അല്ലാഹുവിനോട് സഹായം തേടിക്കൊണ്ട് അവന്റെ മുന്നിൽ കുനിയുക. സഹോദരൻ സഹോദരന്റെ പാപം എങ്ങനെയാണ് പൊറുത്തുകൊടുക്കുന്നതെന്ന് പഠിക്കുക. സ്നേഹത്തിന്റെ അന്തരീക്ഷം സ്ഥാപിക്കാൻ ഭാര്യയും ഭർത്താവും പരസ്പരം കടമകൾ നിറവേറ്റിക്കൊണ്ട് ബന്ധുമിത്രാദികളോടുള്ള കടമകളും നിറവേറ്റുക. ഈ സ്നേഹബന്ധങ്ങളിലൂടെ, ബന്ധുത്വത്തിന്റെ ദൂരത്തെ കുറച്ച് കുറച്ച് സമീപത്തേക്കുകൊണ്ടുവരിക. തൊഴിൽപരമായ പിണക്കങ്ങളും വഴക്കുകളും അകറ്റുക. അല്ലാഹുവിനുവേണ്ടി അഥവാ നഷ്ടം സഹിക്കേണ്ടി വന്നാൽതന്നെ, അവൻ തന്റെ അനുഗ്രഹംകൊണ്ട് അത് പൂർത്തിയാക്കിത്തരുന്നതാണ്. പക്ഷേ, നമ്മൾ എന്തൊന്ന് ചെയ്യുകയാണെങ്കിലും അത് അല്ലാഹുവിനുവേണ്ടിയായിരിക്കുമെന്ന ഉദ്ദേശ്യമാണ് വേണ്ടത്. അല്ലാഹുവിനെ ഭയന്നുകൊണ്ട് അവന്റെ തൃപ്തിയും സന്തോഷവും കരസ്ഥമാക്കാൻ വേണ്ടിയാണത് ചെയ്യേണ്ടത്. ഇക്കാലത്തിന്റെ ഇമാമും മസീഹും മഹ്ദിയും തന്റെ ജമാഅത്തിലുള്ളവരിൽനിന്ന് പ്രതീക്ഷിച്ചിരിക്കുന്നത് അവരുടെ ഹൃദയം ഈ ലോകത്തിനുപകരം പരലോകത്തേക്ക് ചായണമെന്നാണ്. എന്നാൽ ഭൗതികമായ സ്വത്ത് സമ്പാദിക്കുന്നത് വിരോധിച്ചിട്ടില്ല. പക്ഷേ, ഈ ലോകത്തെ ലക്ഷ്യമാക്കിവെച്ചുകൊണ്ട്, സ്നേഹത്തിനു പകരം വെറുപ്പിന്റെ ബീജം വിതയ്ക്കുന്നതിനെയാണ് വിരോധിച്ചിട്ടുള്ളത്. ഈ ജൽസയിൽ പങ്കെടുക്കുന്നതിന്റെ ഉദ്ദേശ്യം സഫലമാകുന്നത്, നമ്മളിലോരോരുത്തരും ഒരാൾ മറ്റൊരാളിലേക്ക് സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും കൈ നീട്ടുമ്പോഴാണ്. ഈ ജൽസയുടെ അന്തരീക്ഷത്തെ, അല്ലാഹുവിന് ഇഷ്ടപ്പെടുന്നതാക്കി തീർക്കുക. ഈ ജൽസയിൽ പങ്കെടുക്കുന്നവരുടെമേൽ അവനെപ്പോഴും സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും മഴ വർഷിച്ചുകൊണ്ടിരിക്കുമാറാകട്ടെ. അല്ലാഹു ഇതിന് എല്ലാവർക്കും തൗഫീഖ് നല്കുമാറാകട്ടെ.

ജൽസയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ മറ്റൊന്ന് അവിടന്ന് പറഞ്ഞത് വിനയവും വിനീതമായ പെരുമാറ്റവും ഉണ്ടാക്കുക എന്നതാണ്. ഈ ധാർമ്മിക ഗുണം മനുഷ്യനിലുണ്ടായാൽ, അല്ലാഹുവിനോടുള്ള

കടമ നിറവേറ്റുന്നതിനോടൊപ്പം, സമസൃഷ്ടികളോടുള്ള കടമയും നിറവേറ്റാനുള്ള ശ്രദ്ധയുണ്ടാകുന്നു. മനുഷ്യനിൽ വിനയത്തിന്റേയും വിനീതമായ പെരുമാറ്റത്തിന്റേയും അവസ്ഥ ഉണ്ടാകുമ്പോൾ, അത് അവനിൽ ബുദ്ധിയും ബോധവും ഉണ്ടാക്കുന്നു. ലോകത്ത് കാണുന്ന കുഴപ്പങ്ങൾക്കും കലഹങ്ങൾക്കും കാരണം അത് വ്യക്തിപരമാവട്ടെ, സാമൂഹികപരമാവട്ടെ, ഗോത്രപരമാവട്ടെ അഹങ്കാരമാണ്. അഹങ്കാരം അവസാനിച്ച് വിനയവും വണക്കവും ഉണ്ടായാൽ തീർച്ചയായും പരസ്പരമുള്ള കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധയുണ്ടാകും. കാരണം ഞാൻ പറഞ്ഞതുപോലെ അത് മുഖേന ബുദ്ധിയും ബോധവുമുണ്ടാകുന്നു. അത്തരക്കാർ തങ്ങളുടെ ബുദ്ധിയാണ് എല്ലാമെന്ന് കരുതുകയില്ല. എന്നല്ല മറ്റുള്ളവർ പറയുന്നത് കേൾക്കാനും അവർക്ക് സഹിഷ്ണുതയുണ്ടാകും. ഇത് പിന്നീട് വിരുദ്ധമായ അഭിപ്രായങ്ങൾ കേൾക്കാനും അവസരം ഒരുക്കുന്നു. കൂടിയാലോചന നടത്തി തീരുമാനമെടുക്കാനും ശ്രദ്ധിക്കും. ജമാഅത്ത്പരമായ ജീവിതത്തിന്റെ പ്രധാനപ്പെട്ടൊരു കണ്ണിയാണത്. അഹ്മദിയ്യാ ജമാഅത്തിൽ അതിന്റെ നിലവാരം വളരെ ഉയർന്നതായിരിക്കണം.

വ്യക്തിപരമായ ജീവിതത്തിലെ വഴക്കുകളും കലഹങ്ങളും അവസാനിപ്പിക്കാനും സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കാനും ഞാൻ പറഞ്ഞതുപോലെ ഇത് വളരെ അനിവാര്യമാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു: ***വ ഇബാദുർറഹ്മാനില്ലദീന യംശൂന അലൽഅർളി ഹൗനാ*** പരമാരുണികനായ അല്ലാഹുവിന്റെ ദാസന്മാർ ഭൂമിയിൽ ശാന്തരായി നടക്കുന്നവരാണ്. (25:64) വിനയത്തോടും വിനീതഭാവത്തോടും കൂടി നടക്കുന്നവരാണവർ. ലവലേശം അഹങ്കാരമില്ലാതെ നടക്കുന്നവരാണവർ. വിഡ്ഢികൾ, കലാപങ്ങൾ ആളിക്കത്തിക്കാനുള്ള കാര്യങ്ങൾ പറഞ്ഞാൽ അവരുടനെ തന്നെ അതങ്ങ് നടത്തുകയില്ല. മറിച്ച്, അവരോട് സലാം ചൊല്ലിക്കൊണ്ട് നിങ്ങളുടെ ഈ അജ്ഞതകൾക്ക് ഞങ്ങളുടെ പക്കൽ ഒരു മറുപടിയും ഇല്ലെന്നും ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കാൻ ആഗ്രഹിക്കുന്നുവെന്നും പരമകാരുണികന്റെ യഥാർത്ഥ ദാസരായി തീരുകയെന്നതാണ് ഞങ്ങളുടെ ഉദ്ദേശ്യമെന്നും അതിലേക്ക് കാലത്തിന്റെ ഇമാം ഞങ്ങളെ വിളിക്കുന്നുവെന്നും പറഞ്ഞ് അവിടെന്ന് പൊയ്ക്കളയുന്നു. കാരണം അതിലാണ് അല്ലാഹുവിന്റെ തൃപ്തി കുടികൊള്ളുന്നത്. പരമകാരുണികനായ അല്ലാഹുവിന്റെ ദാസർ വിനായാന്വിതരായി നടക്കുന്നവരാണെന്ന് അവൻതന്നെയാണ് പറഞ്ഞിട്ടുള്ളത്. അഹങ്കാരം അല്ലാഹുവിന് ഇഷ്ടമല്ല. നബി(സ)തിരുമേനി പറയുന്നു: "ആരിലാണോ അണുമാത്ര അഹങ്കാരമുള്ളത് അല്ലാഹു അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയില്ല. ചോദിച്ചപ്പോൾ, നല്ല വസ്ത്രമണിയുന്നതും നല്ലനിലയിൽ താമസിക്കുന്നതും അഹങ്കാരമല്ലെന്നും അവിടന്ന് പറഞ്ഞു. സത്യത്തെ നിഷേധിക്കുന്നതാണ് അഹങ്കാരം. മറ്റുള്ളവരെ നിസ്സാരരായി കാണുകയും അവരോട് അവജ്ഞയോടെ പെരുമാറുകയും ശരിയായ നിലയിൽ പെരുമാറാതിരിക്കുകയും ചെയ്യുക എന്നതാണ് അഹങ്കാരം.

ജൽസയുടെ അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുത്തുകൊണ്ട് നമ്മളിലുണ്ടാക്കാൻ നാം ശ്രമിക്കേണ്ടത് ഇത്തരം നല്ല കാര്യങ്ങളാണ്. ഇതുതന്നെയാണ് നമ്മെ തഖ്‌വയിലൂടെ നടത്തുന്നത്. ഇതിലേക്കാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ വിളിക്കുന്നത്. അവിടന്ന് പറഞ്ഞു. "ഞാൻ സത്യമായും സത്യമായും പറയുന്നു. തന്റെ സൗഖ്യത്തേക്കാൾ തന്റെ സഹോദരന്റെ സൗഖ്യത്തിന് കഴിവിന്റെ പരമാവധി മുൻതൂക്കം കൊടുക്കാത്തിടത്തോളം കാലം മനുഷ്യന്റെ ഈമാൻ ശരിയാവുകയില്ല." വീണ്ടും അവിടന്ന് പറയുന്നു. "ഹൃദയം മൃദുലമാവുകയും എല്ലാവരേക്കാളും താൻ മോശക്കാരനാണെന്ന് മനസ്സിലാക്കുകയും സകല ഡംബുകളും അവസാനിപ്പിക്കുകയും ചെയ്യാത്തിടത്തോളം കാലം ആരും സത്യവിശ്വാസിയാവുകയില്ല. ജനങ്ങളുടെ സേവകനാവുക എന്നത് സേവ്യനാവുന്നതിന്റെ അടയാളമാണ്. സൗമ്യനായിക്കൊണ്ട് നിർദ്ധനരോട് വണക്കത്തോടെ സംസാരിക്കുക എന്നത് ദൈവികസവിധത്തിൽ സ്വീകാരാർഹനായതിന്റെ അടയാളമാണ്. തിന്മയ്ക്കുള്ള മറുപടി നന്മകൊണ്ട് കൊടുക്കുന്നത് സൗഭാഗ്യത്തിന്റെ ലക്ഷണമാണ്. ദ്വേഷത്തെ കടിച്ചിറക്കുന്നതും കയ്പ്പുള്ള വാക്കുകൾ കുടിച്ചിറക്കുന്നതും അങ്ങേയറ്റത്തെ പൗരുഷമാണ്."

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ഉപദേശങ്ങളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് അഹങ്കാരത്തിൽനിന്ന് രക്ഷപ്പെടാനും വിനയം സ്വായത്തമാക്കാനും അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. തങ്ങളെ എല്ലാവരേക്കാളും നിന്ദ്യരും നിസ്സാരരുമായി മനസ്സിലാക്കുന്നവർ ഭാഗ്യവാന്മാരാണ്. അവർ സംസാരിക്കുമ്പോൾ ലജ്ജ പാലിക്കുന്നു. ദരിദ്രരേയും അശരണരേയും ആദരിക്കുന്നു. ദുർബലരോട് ബഹുമാനത്തോടെ പെരുമാറുന്നു. അഹങ്കാരവും ദ്രോഹവുംകൊണ്ട് അവരൊരിക്കലും ആരേയും പരിഹസിക്കുകയില്ല. തങ്ങളുടെ ഉദാരനായ അല്ലാഹു

വിനെ ഓർക്കുകയും ഭൂമിയിൽ സുദരിദ്രരായി നടക്കുകയും ചെയ്യുന്നു. ഇത്തരക്കാർക്ക് ഹസ്റത്ത് മസീഹ് മൗഊദ്(അ) ആശംസകൾ നേരുകയും അവരോട് സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇക്കൂട്ടരിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തുമാറാകട്ടെ. ഈ കാര്യങ്ങളിൽ ഉന്നതനില കൈവരിക്കാൻ ഈ ജൽസ നമുക്കുപകരിക്കുമാറാകട്ടെ.

പിന്നീട് നമ്മളിൽ സത്യസന്ധത ഉണ്ടാക്കാനാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹിക്കുന്നത്. സത്യസന്ധതയുടെ ഉയർന്നനില നാട്ടേണ്ടതാണ്. അല്ലാഹു വ്യാജമായ സംസാരത്തേയും കളവിനേയും ശിർക്കിന് തുല്യമായിട്ടാണ് പറഞ്ഞിട്ടുള്ളത്. ആരിൽനിന്നാണോ ശിർക്കിന്റെ നാറ്റം വമിക്കുന്നത് അവൻ പരലോകത്തെക്കുറിച്ച് ചിന്തയുള്ളവനാണെന്ന് എങ്ങനെയാണ് പറയാൻ കഴിയുക. കളവ് പറയുന്നവൻ പരലോകത്തിലുള്ള വിശ്വാസത്തെ നിഷേധിക്കുകയാണ് ചെയ്യുന്നത്. ഇത് ഭയപ്പെടേണ്ട സ്ഥാനമാണ്. നിസ്സാരകാര്യമുണ്ടായാൽ കളവ് പറയാനും കള്ളസാക്ഷ്യത്തിന് പോകാനും തുടങ്ങുന്നു. അത് വെറും നിസ്സാരകാര്യമായിട്ടാണ് അവർ മനസ്സിലാക്കുന്നത്. വാസ്തവത്തിൽ അല്ലാഹുവിന്റെ റസൂൽ, കുഴപ്പത്തിലേക്കും കലഹത്തിലേക്കും കൊണ്ടെത്തിക്കുന്ന ഒന്നാണ് കളവെന്ന് പറഞ്ഞിരിക്കുന്നു. പറഞ്ഞു: കുഴപ്പങ്ങളും കലഹങ്ങളും നേരെ നരകത്തിലേക്കാണ് കൊണ്ടുപോകുന്നത്. അല്ലാഹു എല്ലാ അഹ്മദികളേയും ഇതിൽനിന്ന് രക്ഷിക്കുമാറാകട്ടെ. ചിലപ്പോൾ തങ്ങളുടെ സംസാരത്തെ രസം പിടിപ്പിക്കുന്നതിനുവേണ്ടിയും ചിലർ കളവ് പറയാറുണ്ട്. അപ്പോൾ ഇവിടെത്തേത് അവിടെയും അവിടത്തേത് ഇവിടേയും പറഞ്ഞ് നടക്കാൻ തുടങ്ങുന്നു. ഈ ദോഷത്തേയും അല്ലാഹുവിന്റെ റസൂൽ(സ)കളവെന്നാണ് പറഞ്ഞിട്ടുള്ളത്. കേൾക്കുന്ന കാര്യങ്ങളെല്ലാം അവിടേയും ഇവിടേയും പറഞ്ഞുനടക്കുന്നത് തന്നെ മനുഷ്യൻ കള്ളനായിത്തീരാൻ പോരുന്നതാണ്. ഇക്കാര്യങ്ങളിൽനിന്ന് രക്ഷപ്പെടാൻ ഓരോരുത്തരും ശ്രമിക്കേണ്ടതാണ്. അതിനോടൊപ്പം പ്രാർത്ഥനയിൽ മുഴുകുകയും വേണം. അവിടന്ന് പറഞ്ഞ ഈ കാര്യങ്ങളെല്ലാം നമ്മൾ ചെയ്യാനും അതിന്റെ നിലവാരം മെച്ചപ്പെടുത്താനും വേണ്ടിയാണ് ഈ ജൽസയ്ക്ക് തുടക്കം കുറിച്ചത്. അത് തഖ്വയിൽ പുരോഗതി പ്രാപിക്കുമ്പോൾ മാത്രമേ നമുക്ക് ലഭിക്കുകയുള്ളൂ. ഓരോ അഹ്മദിയും തഖ്വയുടെ നിലവാരം മെച്ചപ്പെടുത്തുകയും ആഖിറത്തിനെക്കുറിച്ച് ചിന്തിക്കുകയും വേണം. എത്രത്തോളം അധികം നാം ഇതിനെക്കുറിച്ച് ചിന്തിക്കുമോ അത്രയധികം നന്മ ചെയ്യാനും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കാനും ദീനിനുവേണ്ടി ത്യാഗങ്ങൾ വരിക്കാനും ശ്രദ്ധയുണ്ടാകും.

ഈ ജൽസാ ദിനങ്ങളിൽ ഈ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിനായി പ്രത്യേകനിലയിൽ ഓരോരുത്തരും പരിശ്രമിക്കേണ്ടതാണ്. ഞാൻ ആദ്യം ഓതിയ ഖുർആനികവചനത്തിലുള്ള അല്ലാഹുവിന്റെ വാഗ്ദാനവും ഇതുതന്നെയാണ്: **വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുന്നതായാൽ അവൻ നിങ്ങൾക്ക് ഒരു വിവേചകവൈശിഷ്യം നൽകുകയും നിങ്ങളുടെ വൈകല്യങ്ങളെ ദൂരീകരിക്കുകയും നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു മഹത്തായ അനുഗ്രഹങ്ങളുടെ ഉടമയാകുന്നു. (8:28)**

ഈ തഖ്വ തന്നെയാണ് സത്യവിശ്വാസിയേയും അല്ലാത്തവരേയും വേർതിരിച്ച് നിർത്തുന്നത്. ഒരു സത്യവിശ്വാസി തഖ്വയിലൂടെ നടന്നുകൊണ്ട് ആഖിറത്തിനെക്കുറിച്ച് ചിന്തിക്കുമ്പോൾ സൽകർമ്മങ്ങൾ ചെയ്യാനും അവന് അവസരം ലഭിക്കുന്നു. തിന്മ ഉപേക്ഷിക്കാൻ അവൻ പ്രേരിതനാകുന്നു. അല്ലാഹുവിന്റെ പാപമോചനം എന്നുപറയുന്നത് തിന്മകൾ അകലുമ്പോൾ അവിടെ നന്മ ചെയ്യാൻ തൗഫീഖ് കിട്ടുക എന്നാണ്.

ഈ ദിനങ്ങളിൽ അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ട് അത് സമ്പാദിക്കാൻ ശ്രമിക്കുക. നന്മ ചെയ്യാനുള്ള ഭാഗ്യം കിട്ടിക്കൊണ്ടിരിക്കാൻ അവനോട് ധൈര്യവും സഹായവും തേടുക. ഹസ്റത്ത് മസീഹ് മൗഊദ്(അ) ഏതൊരുദ്ദേശ്യ സാഫല്യത്തിനായിട്ടാണോ ഈ ജൽസയ്ക്ക് തുടക്കം കുറിച്ചത് ആ ഉദ്ദേശ്യം സഫലമാക്കുവാൻ അവൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. നമ്മളിൽനിന്ന് ആദ്യം പരിശ്രമമുണ്ടാകുകയാണെങ്കിൽ താൻ സഹായിക്കുമെന്നാണ് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളത്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. 'നമ്മുടെ ജമാഅത്ത്' തഖ്വ സ്വായത്തമാക്കാത്തിടത്തോളംകാലം മോക്ഷം പ്രാപിക്കുകയില്ല, അല്ലാഹു തന്റെ സംരക്ഷണത്തിലെടുക്കുകയുമില്ല. ഇക്കാരണത്താലാണ് വലിയ വലിയ ജോലികളെടുപ്പിക്കേണ്ട സഹാബിമാർ ഏറ്റവും കഠിനതരമായ അപകടങ്ങളിൽനിന്ന് രക്ഷപ്പെട്ടത്.

വീണ്ടും പറഞ്ഞു. അല്ലാഹു കരുണ ചെയ്യുന്നതിനായി വീടുകളെ ദൈവസ്മരണകൊണ്ട് നിറക്കുകയും സദഖയും ദാനധർമ്മങ്ങളും കൊടുക്കുകയും പാപങ്ങളിൽനിന്ന് രക്ഷപ്പെടുകയും ചെയ്യേണ്ടതാണ്. പറയുന്നു: **"ഭൗതികമായ കാര്യങ്ങളിൽ**

**മുഴുകിക്കൊണ്ടേയിരിക്കുന്നവൻ ബയ്അത്ത് ചെയ്യാത്തവനെപ്പോലെയാണ്.** അതുകൊണ്ട് കർമ്മങ്ങൾ ചെയ്യുക. ഓർമ്മിക്കുക, ആരെയാണോ സ്നേഹിക്കുന്നത് അവൻ അവരിൽപ്പെട്ടവനാണ്.

ഈ ദൃഢവിശ്വാസത്തിൽ നിലനിന്നുകൊണ്ട് തഖ്‌വയിലൂടെ നടക്കാൻ നാം പരിശ്രമിക്കേണ്ടതാണ്. മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനോട് നമ്മെ ബന്ധിപ്പിക്കുന്നതുകൊണ്ട് തീർച്ചയായും നമ്മുടെ സൽകർമ്മങ്ങളിൽ അല്ലാഹു തന്റെ കാരുണ്യത്തിന്റെ ദൃഷ്ടി പതിപ്പിക്കും. ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിനുവേണ്ടി അല്ലാഹു വിധിച്ചിട്ടുള്ള അനുഗ്രഹങ്ങൾകൊണ്ട് നമ്മെ കടാക്ഷിക്കുകയും ചെയ്യും. ഇതൊന്നും നാം ഇതുവരെ കണ്ടിട്ടില്ലാത്തതല്ല. കണ്ടുകൊണ്ടിരിക്കാത്തതുമല്ല. തഖ്‌വയിലൂടെ നടക്കുന്നവർക്ക് അല്ലാഹു കാണിച്ചുകൊടുത്ത ഒരുപാട് ഉദാഹരണങ്ങൾ ഉണ്ട്. ചുറ്റുപാടുമുള്ള അഹ്മദികളുടെ വിശ്വാസത്തെ അഭിവൃദ്ധിപ്പെടുത്തും വിധമുള്ള സഹായത്തിന്റേയും രക്ഷണത്തിന്റേയും കാഴ്ചയും അവൻ കാണിച്ചിട്ടുണ്ട്. നമ്മളും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി നമ്മുടെ കർമ്മങ്ങളേയും അവന്റെ തൃപ്തിയനുസരിച്ച് ആക്കിത്തീർക്കാൻ ശ്രമിച്ചാൽ ഇൻശാഅല്ലാഹ് നമ്മളേയും അല്ലാഹു തന്റെ കാരുണ്യമാകുന്ന അനുഗ്രഹത്തിന്റെ പുതപ്പിലാക്കുന്നതാണ്. നമ്മുടെ മക്കളിലും എണ്ണമറ്റ അനുഗ്രഹം അവൻ ചൊരിയും. അവർക്കും നന്മ ചെയ്യാൻ തൗഫീഖ് നൽകും. അല്ലാഹു അതിന് ഭാഗ്യം നല്കുമാറാകട്ടെ.

ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് നാം ചെയ്ത ബയ്അത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കാൻ അല്ലാഹു നമ്മെ സഹായിക്കുമാറാകട്ടെ. അല്ലാഹുവിനോട് രക്ഷതേടിക്കൊണ്ട് അവനോളം എത്തിക്കുന്ന ആ കർമ്മങ്ങൾ കൂടുതൽ കൂടുതൽ ചെയ്യാൻ നമുക്ക് കഴിയുമാറാകട്ടെ. അവന്റെ തിരുസന്നിധിയിൽ സ്വീകാരാർഹമാകുന്ന ആ ആത്മാർത്ഥതയും സദുദ്ദേശ്യവും നമുക്ക് നമ്മുടെയുള്ളിൽ സൃഷ്ടിക്കാനും അതിനോടൊപ്പം ചെയ്യപ്പെട്ട ത്യാഗങ്ങളും കർമ്മങ്ങളും അല്ലാഹുവിന്റെ തിരുസന്നിധിയിൽ സ്വീകാരാർഹമാകാനും അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. അവൻ നമുക്ക് അവന്റെ സ്നേഹത്തിന്റെ വഴിയിലൂടെ ചരിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ആത്മാർത്ഥതയോടും വിശ്വാസത്തോടുമൊപ്പം നമ്മുടെ ഓരോ നിമിഷവും ബന്ധിതമാക്കട്ടെ. ദൈവസാമീപ്യം പ്രാപിച്ചവരുടെ പ്രത്യേകതരത്തിലുള്ള വിശ്വാസം നമ്മുടെയുള്ളിൽ അവൻ സൃഷ്ടിക്കുമാറാകട്ടെ. നമ്മുടെ മക്കളുടെ മക്കൾക്കും, ഒരിക്കലും അവരെ അശ്രദ്ധയിലും മടിയിലും അകപ്പെടുത്താൻ കഴിയാത്ത വിശ്വാസം പ്രദാനം ചെയ്യുമാറാകട്ടെ. അല്ലാഹു നമുക്ക് എപ്പോഴും ദീനിന്റേയും ദുനിയാവിന്റേയും പുരോഗതികൾ കാണിച്ചുതരുമാറാകട്ടെ. വഴിയിലുണ്ടാകുന്ന എല്ലാ തടസ്സങ്ങളും അകറ്റുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ)ൽനിന്ന് നാം പ്രാപിച്ച ആ അനുഗ്രഹം ലോകജനതയ്ക്കും നല്ലരീതിയിൽ പരിചയപ്പെടുത്തിക്കൊടുക്കുന്നവരായിത്തീരാൻ അല്ലാഹു നമ്മെ സഹായിക്കട്ടെ.

ഞാൻ പറഞ്ഞതുപോലെ ഇസ്റായീലും ചില പാശ്ചാത്യരാജ്യങ്ങളും ലെബ്നോനിനും ചില മുസ്‌ലിം രാജ്യങ്ങൾക്കുമെതിരെ അതിക്രൂരമായ നടപടി കൈക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നാം പ്രത്യേകം ദുആ ചെയ്യുക. അല്ലാഹു മുസ്‌ലിം സമുദായത്തെ സുരക്ഷിതമാക്കിവെക്കുമാറാകട്ടെ. അവൻതന്നെ, ഈ ക്രൂരതയ്ക്ക് പകരംവീട്ടട്ടെ. മുസ്‌ലിംകളുടെ കണ്ണുകളും തുറക്കുമാറാകട്ടെ. വ്യക്തിപരമായ ഉദ്ദേശ്യങ്ങൾക്കും താല്പര്യത്തിനും അതീതമായി സമുദായത്തിലെ പ്രശ്നങ്ങൾക്ക് മുൻഗണന നൽകാനുള്ള ബോധം അവരുടെ നേതൃത്വത്തിലും ഉണ്ടാക്കുമാറാകട്ടെ. അല്ലാഹു അവർക്കും തഖ്‌വയുടെ പ്രകാശം നല്കുമാറാകട്ടെ. ഉമ്മത്തിനുവേണ്ടി തങ്ങളുടെ വ്യക്തിപരമായ നേട്ടങ്ങൾ ത്യാഗം ചെയ്യണമെന്ന ബോധം അവരിലുണ്ടാകുമാറാകട്ടെ. ബുദ്ധിപൂർവ്വം പ്രവർത്തിക്കാൻ അല്ലാഹു അവരെ അനുഗ്രഹിക്കട്ടെ. ഇസ്‌ലാമിന്റെ ശത്രുക്കളുടെ പരാജയത്തിന്റേയും അപചയത്തിന്റേയും മുഖം കാണിക്കുമാറാകട്ടെ. മുസ്‌ലിം സമുദായത്തിന്റെ കാര്യങ്ങളിൽ വേദനിച്ചുകൊണ്ട് അവർക്കുവേണ്ടി ഒരു കൃത്രിമവും കൂടാതെ ദുആ ചെയ്യുന്നത് ഇന്ന് അഹ്മദികൾ മാത്രമാണ്. ഇന്ന് ദുൻയാവിന്റെ അമരത്വവും അല്ലാഹുവിന്റെ അനുഗ്രഹവും മുഹമ്മദീ മസീഹിനെ വിശ്വസിക്കുന്നവരുടെ ദുആയിലാണ് നിലകൊള്ളുന്നത്. ദുആകളെ, ദുആകളെ, ദുആകളെ വിരിപ്പും പുതപ്പുമാക്കിമാറ്റുക. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 28.7.2006 at Hadeeqathul Mahdi, Alton,Hampshire

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala
Web: www.alislam.org